1814
28/11/19

കേരള സർക്കാർ

<u>സംഗ്രഹം</u>

റാന്നി വനഭാഗത്തുനിന്നും അനധികൃതമായി ആനക്കൊമ്പുകൾ കടത്തിക്കൊണ്ടു പോകൽ -അച്ചടക്ക നടപടി- ശ്രീ.വിജയൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പുനരവലോകന ഹർജി- തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം./132/2018/വനം തീയതി, തിരുവനന്തപുരം, 15/03/2018

---

പരാമർശം:-

(1) വിജിലൻ സ് & ഫോറസ്റ്റ് ഇന്റലിജൻസ് സെൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 9/07/2012-ലെ VE8/FIC 173/2010 നം കത്ത്.

(2) പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 07/09/2012 ലെ PF SG -58/12 നം കത്ത്

(3) പുനലൂർ വർക്കിംഗ് പ്ലാൻ ഓഫീസറുടെ 20.07.2013 ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്

(4) കോട്ടയം ഐ & ഇ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 16.01.2014 ലെ വി എസ് വൈ 1244/12 നം ഉത്തരവ്.

(5) ശ്രീ.സി.വിജയൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ 06.06.2017 തീയതിയായി സമർപ്പിച്ച പുനരവലോകന ഹർജി

<u>ഉത്തരവ്</u>

റാന്നി വന ഭാഗത്തു നിന്നും അനധികൃതമായി ആന ക്കൊമ്പുകൾ കടത്തിക്കൊണ്ടു വരുന്നു എന്നു ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ 08.07.2012 ൽ തിരുവനന്തപുരം ഫോറസ്റ്റ് വിജിലൻസ് & ആന്റി കറപ്ഷൻ സെൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററും, പുനലൂർ, റാന്നി ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച് സ്റ്റാഫുകളും നടത്തിയ സംയുക്ത പരിശോധനയിൽ പങ്കെടുത്ത പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ചിലെ ഫോറസ്റ്റർ ശ്രീ.സി.വിജയൻ പ്രതികളിലൊരാളിൽ നിന്നും 10,500/- രൂപ

കൈപ്പറ്റിയെന്ന പ്രതിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ആരോപണ വിധേയനായ ടി ഉദ്യോഗസ്ഥനും പ്രതികളും സഞ്ചരിച്ച കെ എൽ 2.പി-8817-ാം നമ്പർ ജീപ്പ് പരിശോധിച്ചതിൽ ടി ജീപ്പിൽ ശ്രീ.സി.വിജയന്റെ ബാഗിന്റെ അടിയിൽ നിന്നും 8,000/- രൂപ കണ്ടെത്തിയതായും, ആയത് പെരുമാറ്റച്ചട്ട ലംഘനമായതിനാൽ നടപടി സ്വീകരിക്കണമെന്നുള്ള പരാമർശം (1.) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്തിരുന്നു.

2) ഈ വിഷയത്തിൽ അന്വേഷണം നടത്തി പരാമർശം (2 ) പ്രകാരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ, ശ്രീ.വിജയൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ കുറ്റം ചെയ്തതായും വിജിലൻസ് വിഭാഗത്തിന്റെ ജോലിയിലിരിക്കെ ചെയ്ത ഈ പ്രവൃത്തി വിജിലൻസ് വിഭാഗത്തിന്റെ വിശ്വാസ്യതയ്ക്ക് കോട്ടം വരുത്തിയതായും കണ്ടെത്തി. ഗുരുതരമായ ഈ അച്ചടക്ക ലംഘനത്തിന് ശിക്ഷണ നടപടി സ്വീകരിക്കേണ്ടതാണെന്നും ബോധ്യമാവുകയുണ്ടായി.

3) ശ്രീ.സി.വിജയന് നിരപരാധിത്വം തെളിയിക്കുന്നതിന് ഒരവസരം കൂടി നൽകുന്നതിലേയ്ക്കായി കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടത്തിലെ 15-ാം ചട്ടം പ്രകാരം ഔപചാരിക അന്വേഷണം നടത്തി അന്വേഷണ അധികാരി പരാമർശം (3 ) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ ടിയാനെതിരെ കുറ്റപത്രത്തിൽ ഉന്നയിച്ച ആരോപണങ്ങൾ സംശയരഹിതമായി തെളിയിക്കപ്പെടുകയും, തുടർന്ന് 2 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞു കൊണ്ടും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ 4 റാങ്ക് താഴ്ത്തിയും ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ പരാമർശം(4 ) പ്രകാരം ഉത്തരവായിരുന്നു.പ്രസ്തുത ഉത്തരവിനെതിരെയാണ് ശ്രീ.സി.വിജയൻ ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേന പരാമർശം (5 ) പ്രകാരം സർക്കാരിനു പുനരവലോകന ഹർജി സമർപ്പിച്ചിട്ടുള്ളത്.

4) ശ്രീ.വിജയൻ സമർപ്പിച്ച പുനരവലോകന ഹർജി 1960 ലെ കേരള

സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ സി.വിജയന് എതിരെ അച്ചടക്ക നടപടി തീർപ്പാക്കിയിരിക്കുന്നത് 16.10.2014 ലാണ്. ടി അച്ചടക്ക നടപടിയ്ക്കെതിരെ ടിയാൻ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ഭാഗം 6 ചട്ടം 23 പ്രകാരമുള്ള അപ്പീൽ അവകാശം വിനിയോഗിച്ചിട്ടില്ല. മാത്രവുമല്ല ടിയാൻ പുനരവലോകന ഹർജി സമർപ്പിച്ചിട്ടുള്ളത് 06.06.2017 ലാണ്. ഇപ്രകാരം 3 വർഷക്കാലം താമസിച്ചതിനു മതിയായ കാരണവും ടിയാൻ സമർപ്പിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത ചട്ടങ്ങളിലെ ഭാഗം VIIചട്ടം 37 പ്രകാരം ശ്രീ.സി.വിജയൻ സമർപ്പിച്ചിട്ടുള്ള പുനരവലോകന ഹർജി പരിഗണനാർഹമല്ല ആയതിനാൽ നിരസിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
NAZARUDEEN A
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.വിജയൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്
ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള
തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ